


# സ്ലേറ്റ്-രണ്ട്

## അധ്യാപകസഹായി

### മലയാളം, പരിസരപഠനം

ഡയറ്റ് മലപ്പുറം
**2016-17**

# വായനയുടെ പൂക്കാലം

എല്ലാ കുട്ടികൾക്കും പ്രക്രിയാബന്ധിതവും ഗുണമേന്മയുള്ളതുമായ പഠനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി മലപ്പുറം ഡയറ്റ് നടപ്പാക്കുന്ന പരിപാടിയാണ് സ്ലേറ്റ് & പെൻസിൽ. ഒന്ന്, രണ്ട് ക്ലാസ്സുകളിൽ സ്ലേറ്റും (SLATE- Strengthening Learner Achievement and Teacher Efficiency) മൂന്നു മുതൽ ഏഴുവരെ ക്ലാസ്സുകളിൽ പെൻസിലു (PENCIL - Process Ensuring for Natural Classroom Interaction and Learning) മാണ് നടപ്പാക്കുന്നത്. പ്രക്രിയാബന്ധിതമായ ആസൂത്രണം, വർക്ക്ഷീറ്റ്, വായനാസാമഗ്രികൾ (എന്നിവയുടെ കരട്) ഇതിന്റെ ഭാഗമായി അധ്യാപകർക്ക് ലഭ്യമാക്കുന്നുണ്ട്.

രണ്ട്, മൂന്ന്, നാല് ക്ലാസ്സുകളിൽ മലയാളഭാഷാ പഠനത്തിന്റെ ഭാഗമായി കുട്ടികൾക്കു നൽകുവാൻ വേണ്ടി തയ്യാറാക്കിയ വായനാസാമഗ്രികളുടെ സമാഹാരമാണ് ഈ പുസ്തകം. നിലവിലുള്ള അധ്യാപകസഹായി, ടീച്ചർവേർഷനുകൾ, മറ്റു പുസ്തകങ്ങളിൽനിന്നും ശേഖരിച്ച രചനകൾ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഇവിടെ നൽകിയിരിക്കുന്ന വായനാസാമഗ്രികൾ പാഠഭാഗവുമായി ബന്ധമുള്ളവയാണ്. അതുകൊണ്ടുതന്നെ അവ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം പരിഗണിച്ച് ആവശ്യമായ കോപ്പികൾ എടുക്കേണ്ടതാണ്. ഇവ വായനയ്ക്കും തുടർപ്രവർത്തനങ്ങൾക്കും (ചിത്രംവര, അഭിനയം, ആലാപനം, പ്രസംഗം .......) ഉപയോഗപ്പെടുത്തണം. ക്ലാസ് പി.ടി.എ, ദിനാചരണങ്ങൾ തുടങ്ങിയ സന്ദർഭങ്ങളിൽ ആവശ്യാനുസരണം പ്രയോജനപ്പെടുത്തണം. ഒന്നോ രണ്ടോ പേജുകളിലാണ് ഓരോ വായനാസാമഗ്രിയും തയ്യാറാക്കിയിട്ടുള്ളത്. ഇവ കേടുവരാതെ ഉപയോഗിക്കുവാനുള്ള രീതി (ഗ്ലാസ് പേപ്പർ കവർ, ലാമിനേഷൻ) സ്വീകരിക്കണം. സമാനമായ വായനസാമഗ്രികൾ തയ്യാറാക്കുന്ന ശില്പശാലകൾ രക്ഷിതാക്കൾ, പൂർവവിദ്യാർത്ഥികൾ, അധ്യാപകർ, ചിത്രകാരന്മാർ എന്നിവരുടെ പങ്കാളിത്തത്തോടെ സ്കൂളിൽ സംഘടിപ്പിക്കണം. അങ്ങനെ വായനയുടെ വസന്തം ഓരോ വിദ്യാലയത്തിലും കുട്ടിയിലും വിരിയണം. അത്തരമൊരു വായനയുടെ പൂക്കാലമാണ് നമ്മുടെ ലക്ഷ്യം.

സഹകരണ പ്രതീക്ഷയോടെ,

**ഡോ. വി. പരമേശ്വരൻ**
സീനിയർ ലക്ചറർ,
ഡയറ്റ്, മലപ്പുറം

**ഡോ. പി.കെ. അബ്ദുൽ ഗഫൂർ**
പ്രിൻസിപ്പൽ
ഡയറ്റ്, മലപ്പുറം

## എന്റെ പ്രിയ കേരളം

എന്റെ നാട്ടിൽ പാട്ടുപാടി ഒഴുകുന്ന പുഴകളും തോടുകളുമുണ്ട്. ചന്തമുള്ള പൂക്കൾ നിറഞ്ഞു നിൽക്കുന്ന കാടുകളുണ്ട്. കളകളം പാടി ഒഴുകുന്ന കാട്ടുചോലകളുണ്ട്. വലിയ കുന്നുകളുണ്ട്. എന്റെ നാട്ടിനു ചുറ്റും വെള്ളിയരഞ്ഞാണം പോലെ തുള്ളിക്കളിക്കുന്ന കടലുണ്ട്. കായലും നീലമലയും എന്റെ നാടിന്റെ അഴകാണ്. മയിലിനെപ്പോലെ പീലി വിടർത്തിയാടുന്ന തെങ്ങിൻതോപ്പുകളും കാറ്റിന്റെ കുളിരേറ്റു കോരിത്തരിച്ചു നിൽക്കുന്ന വയലുകളും ഇവിടെയുണ്ട്. ഇവയെല്ലാമുള്ള എന്റെ നാട് എത്ര സുന്ദരമാണ്.

എന്റെ ഗ്രാമത്തിന്റെ പ്രകൃതിദൃശ്യങ്ങളുടെ ചിത്രം വരച്ച് നിറം കൊടുക്കുക.

| ക്ലാസ് : 2 | യൂണിറ്റ് : 1 എന്റെ കേരളം | മൊഡ്യൂൾ : 3 മാണിക്കച്ചെമ്പഴുക്ക |
|---|---|---|

# കക്ക് കളി



മുറ്റത്ത് പത്തടി നീളവും നാലടി വീതിയുമുള്ള ഒരു ചതുരം വരയ്ക്കുക. രണ്ടടി വീതിയിൽ ചതുരം നീളത്തിൽ ഭാഗിക്കുക. കുറുകെ രണ്ടടി നീളത്തിൽ കളങ്ങൾ ഭാഗിക്കുക. രണ്ട് ഭാഗങ്ങളിലായി അഞ്ച് കള്ളികൾ ലഭിക്കും. കളങ്ങളുടെ എണ്ണം നീളം വീതി എന്നിവ ഇഷ്ടംപോലെ മാറ്റാം. രണ്ടോ അതിലധികമോ കുട്ടികൾ കളിക്കുന്ന കളിയാണിത്. പരന്ന ചെറിയ കല്ലുകൾ, ഓടിന്റെ കഷ്ണം എന്നിവയാണ് കളിക്കുവേണ്ട മറ്റൊരു വസ്തു. ഒരു കുട്ടി കളത്തിന് പുറത്തുനിന്നും കല്ല്/ഓട് കഷ്ണം ഒന്നാമത്തെ കളത്തിലിടുന്നു. ഒറ്റക്കാലിൽ ചാടി അത് മറുപുറത്തേയ്ക്ക് ഒറ്റക്കാലുകൊണ്ട് തട്ടിത്തെറിപ്പിക്കണം. ഒന്നിൽക്കൂടുതൽ പ്രാവശ്യം തെറിപ്പിക്കാനവസരമുണ്ട്. അതിനിടയിൽ മറ്റേ





കാൽ നിലത്ത് തൊടരുത്. പക്ഷേ തെറിപ്പിക്കുമ്പോൾ ഇടയിലുള്ള വരകളിൽ വന്നുനിൽക്കാൻ പാടില്ല. കളിക്കിടയിൽ വിശ്രമത്തിന് ഒരു കള്ളിയുണ്ടാവും. കളിക്കുന്ന ആൾ വര സ്പർശിക്കാനും പാടില്ല. പുറത്തുചാടിച്ച കല്ലുകഷ്ണത്തിന്റെ മുകളിലേയ്ക്ക് കളിക്കുന്ന ആൾ ചാടിത്തൊടണം. ഈ നിയമം പാലിച്ചില്ലെങ്കിൽ ഊഴം കഴിഞ്ഞു. അടുത്തത് രണ്ടാമത്തെ കുട്ടി. ഇങ്ങനെ എത്ര പേരുണ്ടോ അത്രയും കഴിഞ്ഞശേഷം ഒന്നാമത്തെ കുട്ടിയുടെ ഊഴമാണ്. ഒന്നാമത്തെ കുട്ടി ഒന്നാമത്തെ കള്ളിയിൽ നിന്നും വിജയകരമായി കക്ക് തെറിപ്പിച്ചിട്ടുണ്ടെങ്കിൽ കളി തുടരാം. പിന്നെ രണ്ട്, മൂന്ന്, എല്ലാ കുട്ടികളും ഇതാവർത്തിക്കണം. എല്ലാ കള്ളികളും പൂർത്തിയാക്കുന്നയാൾ പുറംതിരിഞ്ഞുനിന്ന് പിന്നിലേയ്ക്ക് കക്ക് ഇടണം. ഇതും തെറിപ്പിക്കണം. ഒറ്റക്കാലിന്റെ പടത്തിൽ കക്ക് വെച്ച് ചാടിക്കടക്കണം. നെറ്റിയിൽ കക്ക് വെച്ച് മുകളിലേയ്ക്ക് നോക്കി രണ്ട് ഭാഗത്തെ കള്ളികളിലും ഓരോ കാൽ വെച്ച് വര തൊടാതെ, നെറ്റിയിലെ കക്ക് വീഴാതെ മറുപുറത്തെത്തണം. ഇത്രയുമാകുമ്പോഴാണ് കളിയിൽ വിജയിക്കുക. കുട്ടിക്കാലത്ത് ഏറെ കളിച്ചിരുന്നതിനാലാണ് ഇതിനോട് ഇത്രയും ഇഷ്ടം തോന്നുന്നത്.

# കളിവീട്

മൂന്നര അടിയോളം ഉയരമുള്ള ഒറ്റനില കെട്ടിടം. വരാന്തയും കിടപ്പുമുറിയും ഊണുമുറിയും കലവറയും അടുക്കളയുമുണ്ട്. മരം കൊണ്ടാണ് കുട്ടിപ്പുര നിർമ്മിച്ചത്. ചെറിയൊരു വളപ്പിനുള്ളിലാണ് കുട്ടിപ്പുര. ചുറ്റും കരിങ്കല്ലു പോലെ തോന്നിക്കുന്ന മതിലും ഗേറ്റും ഗേറ്റിനു മുകളിൽ 'പ്രസാദം' എന്ന ബോർഡും ഉണ്ട്.

പൊൻപൂക്കൾ വിരിഞ്ഞു നിൽക്കുന്ന ചെമ്പകം. സ്വർണനിറത്തിൽ പഴുത്ത മാങ്ങകളുള്ള മാവ്. നിറയെ ചക്കകളുള്ള പ്ലാവ്. മധുരമുള്ള ഇളനീരും ചുമന്നു നിൽക്കുന്ന തെങ്ങുകൾ.ഫലവൃക്ഷങ്ങൾ നിറഞ്ഞ വളപ്പ്. വീടിന്റെ ചുമരിന് വെള്ളച്ചായവും നിലത്തിന് കറുപ്പും ജനലും വാതിലും കസേരയും നീലയുമാണ്. വീട്ടിനകത്ത് മരം കൊണ്ടുണ്ടാക്കിയ അച്ഛനേയും അമ്മയേയും മക്കളേയും ഭംഗിയാക്കി വെച്ചിരിക്കുന്നു. വസ്ത്രം മരച്ചീളുകൾ കൊണ്ട് ഉണ്ടാക്കിയതും നിറമുള്ളതുമായിരുന്നു. സാവിത്രിക്കുട്ടിയുടെ കുട്ടിപ്പുര മനോഹരവും ചെറുതുമായിരുന്നു.



ഡയറ്റ് മലപ്പുറം - സ്ലേറ്റ് - 2

മലയാളം - വായനയുടെ വഴിയിലൂടെ

2153

| ക്ലാസ് : 2 | യൂണിറ്റ് : 2 കുട്ടിക്കൂര | മൊഡ്യൂൾ : 6 വീടുനിർമാണം |
|---|---|---|

## വൃത്തിയുള്ള വീട്



എല്ലാ ദിവസവും വീടും പരിസരവും അടിച്ചുവാരും.

നിലം ഇടക്കിടെ തുടച്ച് വൃത്തിയാക്കും.

മാറാലകൾ തട്ടി വീട് വൃത്തിയാക്കും.

സാധനങ്ങൾ അടുക്കും ചിട്ടയോടും കൂടി സൂക്ഷിക്കും.

ചപ്പുചവറുകൾ നിശ്ചിത സ്ഥലത്ത് നിക്ഷേപിക്കും.

ചുമരുകൾ വൃത്തിയായി സൂക്ഷിക്കും.

കാറ്റും വെളിച്ചവും കടന്നുവരാൻ സൗകര്യമൊരുക്കും.







| ക്ലാസ് : 2 | യൂണിറ്റ് : 2 കുട്ടിപ്പുര | മൊഡ്യൂൾ : 6 വീടുനിർമാണം |
|---|---|---|

## കുട്ടിപ്പുരയിലേക്ക് സ്വാഗതം



അരീക്കോട്

01-08-2015

കൂട്ടുകാരേ,

ഞങ്ങൾ പുതുതായി പണികഴിപ്പിച്ച 'പ്രസാദം' എന്ന 'കുട്ടിപ്പുര' കാണാൻ ആഗസ്റ്റ് 15ന് ശനിയാഴ്ച നിങ്ങൾ വരണം. അന്നു വൈകുന്നേരം 4 മണിക്കു നടക്കുന്ന ചടങ്ങിലേക്കും തുടർന്നുള്ള സത്ക്കാരത്തിലേക്കും താങ്കളെ കുടുംബസമേതം ക്ഷണിക്കുന്നു.

എന്ന്

സ്നേഹപൂർവ്വം

സാവിത്രിക്കുട്ടി





എല്ലാവർക്കും പഠനനേട്ടം അധ്യാപനമികവിലൂടെ

**ടീച്ചർ വേർഷൻ - സംഭാഷണം**

**ഭാഗം 1**

രാജകൊട്ടാരം - രാജാവ് ധാരാളം ഭക്ഷണം കഴിക്കുന്ന സന്ദർഭം



രാജാവ് - ഇനിയും പലഹാരങ്ങൾ കൊണ്ടു വരൂ. മധുരമുള്ളതും, എരിവുള്ളതും, പൊരിച്ചെടുത്തതും വേണം.വേഗമാകട്ടെ.

മന്ത്രി - രാജാവിന്റെ ഭക്ഷണത്തോടുള്ള ആർത്തി നാട്ടിൽ സംസാരവിഷമായിട്ടുണ്ട്. അത് അല്പം നിയന്ത്രിക്കണം.

രാജവ് - എന്ത്? ഇത് പറയാൻ നിങ്ങൾക്കെങ്ങനെ ധൈര്യം വന്നു.

മന്ത്രി - അങ്ങ് മാപ്പാക്കണം. ജനങ്ങളുടെ അഭിപ്രായം അറിയിച്ചു എന്നു മാത്രം.

ജനങ്ങൾ - ഇങ്ങനെ പോയാൽ ഈ പെരുവയറൻ രാജാവ് നാടുമുടിക്കും. ഇതിന് എന്തായാലും ഒരവസാനം വേണം.

മന്ത്രി - അങ്ങ് രോഗിയായിരിക്കുന്നു. തടി വീണ്ടും കൂടി - മുടിവളർന്ന് നഖം വളർന്ന് എഴുന്നേറ്റ് നടക്കാൻ വയ്യാതായി. ഇനി വൈദ്യരെ വിളിക്കുക തന്നെ.

**ഭാഗം 2**

രാജാവ് രോഗ ശയ്യയിൽ കിടക്കുന്നു. പരിചാരകൻ സമീപത്തുണ്ട്.

മന്ത്രി – രാജാവിനെ ചികിത്സിക്കാൻ ധാരാളം വൈദ്യന്മാർ വരുന്നുണ്ട്. പക്ഷേ രോഗം മാറുന്നില്ല.

മറ്റൊരു മന്ത്രി - ഇന്ന് പുതിയ ഒരു വൈദ്യൻ വന്നിട്ടുണ്ട്. അയാൾ കുറേ നേരമായി രാജാവിനെ പരിശോധിക്കുന്നു. വീരബാഹു എന്നാണ് പേര്.

(സ്ഥലം രാജാവിന്റെ മുറി)

രാജാവ് – എനിക്കെന്താണ് രോഗം വീരബാഹു. എന്നെ രക്ഷിക്കണം. താങ്കൾ പറയുന്നതെന്തും ഞാൻ അനുസരിക്കാം.

വീരബാഹു – ഞാൻ പറയുന്നതുപോലെ ചെയ്താൽ രോഗം പമ്പകടക്കും. എന്താ ചെയ്യാമോ?

രാജാവ് - എന്തുവേണമെങ്കിലും ചെയ്യാം.

വീരബാഹു - **രണ്ടു നേരം കുളിക്കണം. പല്ലു നിത്യം തേച്ചിടണം, നഖങ്ങൾ വളർന്നിടുമ്പോൾ മുറിച്ചിടണം.** എന്താ ചെയ്യാമോ?

രാജാവ് : തലകുലുക്കി സമ്മതിച്ചു

(ഒരു മാസം കഴിഞ്ഞ്)
രാജാവ് – വൈദ്യരുപറഞ്ഞപോലെ നിത്യം കുളിച്ചു, മരുന്നുകഴിച്ചു, നഖം മുറിച്ചു എന്നിട്ടും രോഗം പൂർണ്ണമായി മാറിയില്ല. ഇനി എന്തു ചെയ്യും?
വീരബാഹു (ആലോചിക്കുന്നു.) ഇനി ചികിത്സയുടെ രണ്ടാംഘട്ടം തുടങ്ങാം.
**മണ്ണു നന്നായ് കിളക്കേണം. വിത്തെടുത്തു വിതക്കേണം. ദേഹം വിയർത്തിടുംവരെ വേല ചെയ്യണം.**
രാജാവ് : ഞാനോ ? എന്താണ് പറയുന്നത്?
വീരബാഹു : രോഗം മാറണമെങ്കിൽ കിളയ്ക്കുകയും വിറകു വെട്ടുകയും വേണം.
രാജാവ് : ചെയ്യാം... ചെയ്യാം..

**ഭാഗം 3**

(മാസങ്ങൾക്കുശേഷം)
രാജാവ് വീരബാഹുവിനെ വിളിപ്പിച്ചു.
രാജാവ് : വീരബാഹു താങ്കൾ കേമൻ തന്നെ. ഈ ഉപഹാരം സ്വീകരിച്ചാലും (രാജാവ് സമ്മാനം നൽകുന്നു.) എന്റെ അസുഖം പൂർണ്ണമായും ഭേദമായി. സന്തോഷം എന്നാൽ...
വീരബാഹു : ഇനിഞാനെന്താണ് അങ്ങേക്കുവേണ്ടി ചെയ്യേണ്ടത്?
രാജാവ് : ഞാൻ നാട്ടിൽ ഇറങ്ങി അന്വേഷിച്ചപ്പോൾ ധാരാളം പേർ രോഗികളാണ്. അവരുടെ അസുഖം കൂടി മാറ്റണം.
(ജനങ്ങളോട് പറയാനായി കുറേ കാര്യങ്ങൾ വീരബാഹു രാജാവിനോട് പറഞ്ഞു.)
രാജാവ്: മന്ത്രിമാർ എല്ലാവരും വരട്ടെ വീരബാഹുവിന്റെ നിർദ്ദേശം നാട്ടിലെ എല്ലാ മുക്കിലും മൂലയിലും വിളംബരം ചെയ്യൂ.
മന്ത്രിമാർ : (ഒരുമിച്ച്) എന്താണ് വിളംബരം
രാജാവ് : **ദേഹമെല്ലാം ശുചിയാക്കുക. വീടും പരിസരവും വൃത്തിയാക്കുക. ഈച്ച, കൊതുക് ഇവയെ തുരത്തുക. പുഴ, കുളം എല്ലാം ശുചിയായി സൂക്ഷിക്കുക.**



മന്ത്രിമാർ : (ഭടന്മാരെ വിളിച്ച് അറിയിച്ചു.) മൂന്നുപേരുടെ സംഘമായി വിവിധ ഭാഗങ്ങളിൽ ഈ വിവരം അറിയിക്കുക.
ഭടന്മാർ : വിളംബരം ചെയ്യുന്നു.
(ഈ സംഭാഷണം നാടകമാക്കി അഭിനയിക്കുന്നത് അടുത്ത മൊഡ്യൂളിലെ അഞ്ചാം പ്രവർത്തനത്തിൽ)

# എനിക്കുവേണം പൂച്ചെടി



കഥാപാത്രങ്ങൾ : ചിണ്ടനെലി, 3 കൂട്ടുകാർ, കാവൽ ചെന്നായ 2

ചിണ്ടനെലി : വാ... എല്ലാവരും വാ... എനിക്കൊരു കാര്യം പറയാനുണ്ട്.

കൂട്ടുകാരൻ 1 : എന്താ ഇത്ര വലിയ കാര്യം?

ചിണ്ടൻ : ആ പൂവിന്റെ മണം അനുഭവിച്ചതു മുതൽ എന്റെ മനസ്സിൽ ഒരാഗ്രഹം

കൂട്ടുകാരൻ 2 : എന്താണാഗ്രഹം... പറയൂ.

ചിണ്ടൻ : ആ തോട്ടത്തിലെ സുഗന്ധം പരത്തുന്ന പൂവ് എന്റെ വീട്ടുമുറ്റത്തും വളരണം.

കൂട്ടുകാരൻ 3 : അത് വേണോ?

ചിണ്ടൻ : (ഉറക്കെ) അത് വേണം. എന്തു വന്നാലും അതൊന്നു കാണണം. പറിച്ചെടുക്കുകയും വേണം.

കൂട്ടുകാർ : (3പേരും ചേർന്ന്) എങ്ങനെ സാധിക്കും?

കൂട്ടുകാരൻ 1 : തോട്ടത്തിനു ചുറ്റും വേലിയാണ്.

കൂട്ടുകാരൻ 2 : കൂർത്ത പല്ലും ചുവന്ന നാക്കും ഉണ്ടക്കണ്ണുമുള്ള ചെന്നായ്ക്കൾ കാവലുണ്ട്.

കൂട്ടുകാരൻ 3 : അവന്റെ മുന്നിൽ പെട്ടാൽ കഥ കഴിഞ്ഞതു തന്നെ.

ചിണ്ടൻ : അതിനൊക്കെ വഴിയുണ്ട്. നിങ്ങൾ എന്നെ സഹായിക്കുമോ? രാത്രി ഇങ്ങോട്ട് വന്നാൽ മതി. ബാക്കി ഞാൻ നോക്കിക്കൊള്ളാം.

**- രാത്രി -**

ചിണ്ടനും കൂട്ടുകാരും തോട്ടത്തിന് അടുത്തെത്തി. ചെന്നായ്ക്കൾ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.

ചിണ്ടൻ : ശ്... ആരും ശബ്ദമുണ്ടാക്കരുത്. പതുങ്ങി ഒതുങ്ങി നടക്കണം.

കൂട്ടുകാരൻ 1 : സാവധാനം.. ശബ്ദമുണ്ടാക്കാതെ.... പതുങ്ങി നടക്കുന്നു.

ചിണ്ടൻ : ഇനി തുരങ്കത്തിന്റെ പണി തുടങ്ങാം. (രണ്ടു പേർ മണ്ണു മാന്തുന്നു. രണ്ടു പേർ മണ്ണ് ദൂരേക്ക് നീക്കുന്നു. ചിണ്ടൻ ആരെങ്കിലും വരുന്നുണ്ടോ എന്ന് നോക്കുന്നു.)

ചിണ്ടൻ : ഇതാ നമ്മൾ ചെടിയുടെ അടുത്തെത്തി. (ചിണ്ടൻ പൂവ് തൊട്ടു നോക്കുന്നു. കൂട്ടുകാർ പൂവ് മണത്തു നോക്കുന്നു.) ഈ ചെടി കാണാനാണ് നാം ഇത്രയും കഷ്ടപ്പെട്ടത്.

കൂട്ടുകാർ : സന്തോഷത്തോടെ അതെ... അതെ..

ചിണ്ടൻ : ചെടി വേരോടെ പറിച്ചെടുക്കണം. (ശബ്ദം താഴ്ത്തി. എല്ലാവരും ചെടിയുടെ അടിയിലുള്ള മണ്ണ് മാന്തി നീക്കുന്നു.)

ചിണ്ടൻ : ഇത് ഞാൻ തോട്ടത്തിൽ നടും.

കൂട്ടുകാരൻ 1 : അതു പറ്റില്ല എനിക്കുവേണം.

കൂട്ടുകാരൻ 2 : എനിക്കും വേണം

കൂട്ടുകാരൻ 3 : എനിക്കും വേണം

ചെന്നായ 1 : ഭൗ.. ഭൗ.. ആരെടാ അത്?

ചെന്നായ 2 : നിൽക്കെടാ അവിടെ ?

ചിണ്ടൻ : ജീവൻ വേണമെങ്കിൽ ഓടിക്കോ.. (ചെടിയുടെ കിട്ടിയ ഭാഗവുമായി എലികൾ ഓടി രക്ഷപ്പെട്ടു.)



# വാഴ പറഞ്ഞ കഥ

കേരളത്തിൽ എവിടെ നോക്കിയാലും എന്നെ കണാം. പറമ്പിലും പാടത്തും ഞങ്ങളുണ്ടാവും. അല്പായസ്സുകളാണ് ഞങ്ങൾ. ഞങ്ങളെ പോറ്റി വലുതാക്കിയവർക്ക് ഒടുവിൽ ഞങ്ങൾ വളരെ സന്തോഷത്തോടെ തലകുനിച്ചു കൊടുക്കും. കുല വെട്ടിയെടുക്കുന്നതോടെ ഞങ്ങളുടെ കഥ കഴിയും. കുല മാത്രമല്ല കാമ്പും വിശേഷപ്പെട്ട ഭക്ഷണമാണ്. നിങ്ങളുടെ തീൻമേശയിലെത്തുന്ന പല വിഭാഗങ്ങളും ഞങ്ങളെ ഉപയോഗിച്ചാണ് തയ്യാറാക്കുന്നത്. എന്തിന് പഴപ്രഥമൻ പോലും അതിനുദാഹരണമാണ്.

ഞങ്ങൾ പലവിധമുണ്ട്. ചെറുപഴം മുതൽ ചെങ്കദളിവരെ നേന്ത്രപ്പഴം മുതൽ റോബസ്റ്റ് വരെ. നാണിപ്പൂവൻ, മൈസൂർ, പൂവൻ, കദളി, പാള യങ്കോടൻ, വെണ്ണീർപൂവൻ ഇങ്ങനെ അനേകം ഇനങ്ങളുണ്ട്. നിങ്ങളുടെ ദേശീയ ഉത്സവമായ ഓണം ഞങ്ങളില്ലാതെ പൂർണ്ണമാവില്ല. വാഴ കേരള സംസ്കാരത്തിന്റെ ഭാഗമാണ്. വാഴയില, വാഴത്തണ്ട്, വാഴക്കൂമ്പ്, എന്നിങ്ങനെ എന്റെ എല്ലാ ഭാഗങ്ങളും ഉപയോഗിക്കാൻ കഴിയും. നിങ്ങളുടെ പറമ്പിൽ നിന്നും എന്നെ ഒഴിവാക്കരുതേ എന്നൊരപേക്ഷ മാത്രമാണ് എനിക്കുള്ളത്.



# കാട്ടിലെ കാഴ്ചകൾ

മരത്തിലൂടെ ഒറ്റക്കയ്യാൽ ഊഞ്ഞാലാടുന്ന കുരങ്ങന്മാർ.
ഒരു മരക്കൊമ്പിലിരുന്ന് നീട്ടിപാടുന്ന കുയിൽ.
തെളിഞ്ഞൊഴുകുന്ന അരുവിയുടെ അടുത്ത് വെള്ളം കുടിക്കുന്ന മാൻകൂട്ടം.
പുൽമൈതാനത്ത് തിന്നുകയും കളിയ്ക്കുകയും ചെയ്യുന്ന മുയലുകൾ.
ആനമൂപ്പന്റെ വരവ് കണ്ട് ഓടിമാറുന്ന ചെറുജീവികൾ,
ഇളം വെയിലേറ്റ് കിടക്കുന്ന കാട്ട്പോത്തുകൾ..
ഇങ്ങനെ എന്തെല്ലാം കാഴ്ചകൾ!



## സാമ്പാർ തയ്യാറാക്കാം

### ആവശ്യമുള്ള സാധനങ്ങൾ

| | | |
|---|---|---|
| 1. പരിപ്പ് | - | 150 ഗ്രാം |
| 2. വലിയ ഉള്ളി | - | 3 എണ്ണം |
| 3. ഉരുളക്കിഴങ്ങ് | - | 3 എണ്ണം |
| 4. വെണ്ട | - | 10 എണ്ണം |
| 5. മുരിങ്ങാക്കായ | - | 2 എണ്ണം |
| 6. പച്ചക്കായ | - | 1 എണ്ണം |
| 7. ചേന | - | ചെറിയ കഷണം |
| 8. തക്കാളി | - | 5 എണ്ണം |
| 9. വഴുതിന | - | 1 എണ്ണം |
| 10. മത്തൻ | - | ചെറിയ കഷണം |
| 11. മഞ്ഞൾ പൊടി | - | ഒരു ചെറിയ സ്പൂൺ |
| 12. മുളക് പൊടി | - | ഒരു വലിയ സ്പൂൺ |
| 13. മല്ലിപ്പൊടി | - | രണ്ട് വലിയ സ്പൂൺ |
| 14. കായം | - | ഒരു ചെറിയ കഷണം |
| 15. ഉലുവ | - | അല്പം |
| 16. ജീരകം | - | ഒരു നുള്ള് |
| 17. തേങ്ങ | - | 1 എണ്ണം |

### തയ്യാറാക്കുന്ന വിധം

പച്ചമുളക്, വെളുത്തുള്ളി, കറിവേപ്പില, മല്ലിച്ചപ്പ്, ചെറിയ ഉള്ളി, കുരുമുളക് ഇവയിട്ട് ചുവക്കെ വറുത്ത് അരക്കുക. പരിപ്പ് വേവിച്ച് അതിൽ പച്ചക്കറി കഷണങ്ങളിട്ട് മല്ലിപ്പൊടി, മഞ്ഞൾപ്പൊടി. ഉപ്പ് ഇവയിട്ട് വേവിക്കുക. പകുതി വേവാവുമ്പോൾ പുളി ഒഴിക്കുക. അതിൽ തേങ്ങ അരച്ചതും ചേർത്ത് തിളപ്പിക്കുക. അല്പം കുറുകിയതിനു ശേഷം ഇറക്കിവെച്ച് ചീനച്ചട്ടിയിൽ വെളിച്ചെണ്ണ ഒഴിച്ച് വറ്റൽമുളക്. കടുക്, കറിവേപ്പില വറുത്തിടുക. സാമ്പാർ തയ്യാർ.

# ആഹാരശീലങ്ങൾ




ഞങ്ങൾ ഇന്ന് വളരെ സന്തോഷത്തിലായിരുന്നു. കാരണം ഞങ്ങളുടെ സ്കൂളിൽ ഡോക്ടർ വരുന്ന ദിവസമാണിന്ന്. നേരത്തെ തന്നെ ഞങ്ങൾ സ്കൂളിലെത്തി. എല്ലാ കൂട്ടുകാരും നേരത്തെ എത്തിയിരുന്നു. പത്ത് മണിയായപ്പോൾ ബെല്ലടിച്ചു. എല്ലാവരും ക്ലാസിൽ അച്ചടക്കത്തോടെ ഇരുന്നു. അൽപം കഴിഞ്ഞപ്പോൾ ഡോക്ടർ ക്ലാസിലെത്തി. ഞങ്ങൾക്ക് സന്തോഷമായി. ചിരിച്ചുകൊണ്ടുള്ള ഡോക്ടറുടെ സംസാരം ഞങ്ങൾക്കിഷ്ടപ്പെട്ടു. ആരോഗ്യത്തോടെ വളരാനും പ്രവൃത്തി ചെയ്യാനുള്ള ശാന്തിലഭിക്കാനും വേണ്ടതെല്ലാം ആഹാരത്തിൽ ഉൾപ്പെടുത്തണമെന്ന് ഡോക്ടർ പറഞ്ഞു തന്നു. ഞങ്ങളുടെ സംശയങ്ങൾക്കെല്ലാം ഡോക്ടർ മറുപടി പറഞ്ഞു. നല്ല ആഹാരശീലങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകത ഡോക്ടർ നന്നായി പറഞ്ഞു തന്നു. ഡോക്ടറുടെ ക്ലാസിൽ വെച്ച് ഞങ്ങൾ നിറവും മണവും ചേർത്ത പലഹാരങ്ങളും മറ്റും കഴിക്കില്ലെന്ന് പ്രതിജ്ഞയെടുത്തു. ഇപ്പോഴും ഞങ്ങളുടെ മനസ്സിൽ ഡോക്ടറുടെ ക്ലാസും ചിരിക്കുന്ന മുഖവുമാണ്.

• ആഹാരത്തിന് മുമ്പും പിമ്പും കൈയും വായും കഴുകണം. • ആഹാരം കഴിക്കുന്ന പാത്രം വൃത്തിയായി സൂക്ഷിക്കുക • ആഹാരം സാവധാനം ചവച്ചരച്ച് കഴിക്കണം • ആഹാരത്തിൽ ധാന്യങ്ങളും പഴങ്ങളും പച്ചക്കറികളും ഉൾപ്പെടുത്തണം. • ആഹാരത്തിൽ മത്സ്യം, മാംസം, പാൽ, മുട്ട, ഇവ ഉൾപ്പെടുത്തുന്നത് ഉത്തമമാണ്. • പഴകിയതും കേടുവന്നതുമായ ആഹാരം കഴിക്കരുത്.

• കൃത്രിമമായി നിറവും മണവും രുചിയും ചേർത്ത ആഹാര സാധനങ്ങൾ കഴിക്കരുത്. • ആഹാരം പാഴാക്കരുത്.

# കുഞ്ഞവറാന്റെ തീറ്റ

ഭയങ്കര തീറ്റപ്രിയനായിരുന്നു കുഞ്ഞവറാൻ. കണ്ണിൽ കണ്ടതെല്ലാം വലിച്ചു വാരി കഴിക്കുക അവന്റെ വിനോദമായിരുന്നു. വയറ് നിറഞ്ഞാലും പിന്നെയും പിന്നെയും കഴിച്ചുകൊണ്ടേയിരിക്കും. അങ്ങനെ ഭക്ഷണം കഴിച്ച് കഴിച്ച് ഒരു ദിവസം ശക്തമായ വയറുവേദന അനുഭവപ്പെട്ടു. അവൻ കരച്ചിലോടു കരച്ചിൽ. വല്ലാതെ കരഞ്ഞപ്പോൾ അവനെ അടുത്തുള്ള ഡോക്ടറുടെ അടുത്തേക്ക് കൊണ്ടുപോയി. ഡോക്ടർ പരിശോധിച്ചപ്പോൾ അവനില്ലാത്ത രോഗങ്ങളില്ല. അവൻ കിടപ്പിലായി. തീറ്റ പതുക്കെ പതുക്കെ കുറച്ചു. അവന് അസുഖം മാറാനും പൊണ്ണത്തടി കുറയാനും തുടങ്ങി. കുറച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവന് അസുഖം പൂർണ്ണമായി മാറി. അവൻ പഴയപോലെ നല്ല ആരോഗ്യവാനായി.

**കുഞ്ഞവറാന്റെ ചിത്രം വരയ്ക്കുക**

# സഞ്ചാരം പലവിധം



പണ്ടുകാലത്ത് മനുഷ്യർ കാൽനടയായിട്ടാണ് സഞ്ചരിച്ചിരുന്നത്. ഒരിടത്ത് നിന്ന് മറ്റൊരിടത്തെത്താൻ ദിവസങ്ങളും ആഴ്ചകളും വേണ്ടി വന്നിരുന്നു. മൃഗങ്ങളെ ഇണക്കി വളർത്താൻ തുടങ്ങിയതോടെ ആന, കുതിര, ഒട്ടകം തുടങ്ങിയവയുടെ പുറത്ത് കയറിയായിരുന്നു യാത്ര. സാധനങ്ങൾ ചുമക്കാനും മൃഗങ്ങളെ ഉപയോഗിച്ചു.

ധനികർക്ക് സഞ്ചരിക്കാൻ മനുഷ്യർ ചുമന്ന് കൊണ്ട് പോകുന്ന മഞ്ചൽ, പല്ലക്ക് എന്നിവ എന്നിവ ഉണ്ടായിരുന്നു. വെള്ളത്തിലൂടെ യാത്ര ചെയ്യേണ്ടി വന്നപ്പോൾ മരത്തടികൾ കൂട്ടിക്കെട്ടി ചങ്ങാടങ്ങൾ ഉണ്ടാക്കി. പിന്നീടാണ് മരത്തടികൾ ചെത്തി മിനുക്കി തോണികൾ ഉണ്ടാക്കിയത്. കാറ്റിനെ ഉപയോഗിച്ച് ഓടുന്ന പായ്ക്കപ്പലുകൾ പിന്നീട് വന്നു.

ചക്രങ്ങളുടെ കണ്ടുപിടുത്തമാണ് വാഹനങ്ങളുടെ മാറ്റത്തിന് ഹേതുവായത് മൃഗങ്ങൾ വലിക്കുന്ന ചക്രവണ്ടികളാണ് ഇതിൽ ആദ്യം ഉണ്ടായത്. കാളവണ്ടി, കുതിര വണ്ടി എന്നിവ ഉപയോഗിച്ച് ആളുകൾ കുടൂതൽ ദൂരത്തേക്ക് കൂടുതൽ വേഗത്തിൽ സഞ്ചരിച്ചു. സാധനങ്ങൾ കൊണ്ടുപോകാനും കാളവണ്ടികൾ ഉപയോഗിച്ചിരുന്നു.





# ഓട്ടോറിക്ഷ - ആത്മകഥ

എന്നെ ഗ്രാമത്തിലും പട്ടണത്തിലും കാണാം. എനിക്ക് മൂന്ന് ചക്രങ്ങളുണ്ട്. ഞാനാരാണെന്ന് മനസ്സിലായില്ലേ കൂട്ടുകാരേ - ഞാൻ അത്ര ചെറുതൊന്നുമല്ല. ഡ്രൈവറെക്കൂടാതെ മൂന്ന് പേരെക്കൂടി ഞാൻ ചുമക്കും. എനിക്ക് ഓടാൻ പെട്രോളോ, ഡീസലോ, ഗ്യാസോ വേണം. ഞാൻ സാധാരണക്കാരന്റെ പ്രിയപ്പെട്ട വാഹനമാണ്. എന്റെ അകത്തിരുന്നാൽ വെയിലോ മഴയോ കൊള്ളില്ല. ഏത് ചെറിയ റോഡിലൂടെയും എന്നെ കൊണ്ടുപോകാം. ഞാനെങ്ങനെ സാധാരണക്കാരന്റെ പ്രിയപ്പെട്ട വാഹനമായി എന്നല്ലേ - അധികം പണച്ചിലവില്ലാതെ യാത്ര ചെയ്യാം. വലുതായാൽ നിങ്ങളും ചിലപ്പോൾ എന്നെ സ്വന്തമാക്കിയേക്കാം - ഇല്ലേ കൂട്ടുകാരേ.............

# ബസ്സ്

കരയിൽ കൂടി പോകുന്ന വാഹനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ബസ്സ്. ആറു ചക്രങ്ങളുള്ള ഈ വാഹനത്തിൽ യാത്രക്കാർക്ക് ഇരിക്കാൻ സീറ്റുകളുണ്ട്. മുകളിൽ സാധനങ്ങൾ കയറ്റി വെക്കാനുള്ള സൗകര്യവുമുണ്ട്. സീറ്റുകൾ ധാരാളമുള്ളതിനാൽ കൂടുതൽ പേർക്ക് ഇരുന്ന് യാത്ര ചെയ്യാം. ബസ്സിൽ സ്ത്രീകൾക്ക് മുൻവശത്ത് പ്രത്യേക സീറ്റുകളുണ്ട്. ബസ്സിനകത്ത് ഘടിപ്പിച്ച ബെല്ല് ബസ് നിർത്തുന്നതിനും യാത്ര തുടരുന്നതിനുള്ള സൂചന നൽകുന്നു.

ബസ്സിനെ ലക്ഷ്യസ്ഥാനത്തെത്തിക്കേണ്ട ചുമതല ഡ്രൈവർക്കാണ്. യാത്രക്കാരിൽ നിന്ന് പണം വാങ്ങി ടിക്കറ്റ് കൊടുക്കുന്ന ജോലി കണ്ടക്ടറുടേതും. ആളുകളെ ബസ്സിൽ കയറ്റുകയും ഇറക്കുകയും ചെയ്യുന്ന ജോലി ക്ലീനറുടേതുമാണ്. ബസ് യാത്ര തുടങ്ങുന്നതും അവസാനിക്കുന്നതും ബസ്സ് സ്റ്റാന്റിലാണ്. ചുരുങ്ങിയ ചെലവിലുള്ള ബസ്സ് യാത്ര ആളുകൾക്ക് ഏറെസഹായകരമാണ്. പുറത്തെ കാഴ്ചകൾ ആസ്വദിച്ചു കൊണ്ടുള്ള ബസ് യാത്ര രസകരം തന്നെ.



## അന്നും ഇന്നും

കഴിഞ്ഞ ജൂൺ മാസത്തിൽ നിന്നും ഇതുവരെയുള്ള പ്രവർത്തനങ്ങൾ സ്വയം വിലയിരുത്തുമ്പോൾ തനിക്ക് ഭാഷാപരമായി ഉണ്ടായ പുരോഗതി എന്തെല്ലാം?

| ജൂൺ 2016 | | | സൂചകങ്ങൾ | മാർച്ച് 2017 | | |
|---|---|---|---|---|---|---|
| എ | ബി | സി | | എ | ബി | സി |
| | | | വായിച്ച് ആശയം ഗ്രഹിക്കുന്നതിൽ | | | |
| | | | പ്രയോഗങ്ങൾ, ശൈലികൾ ഇവയുടെ പ്രധാന്യം തിരിച്ചറിയുന്നതിൽ | | | |
| | | | വാക്കുകളുടെ അർത്ഥം തിരിച്ചറിയുന്നതിൽ | | | |
| | | | വാക്യഘടന പാലിച്ച് എഴുതുന്നതിൽ | | | |
| | | | അക്ഷരത്തെറ്റ്, ചിഹ്നം, അക്ഷരങ്ങളുടെ ഭംഗി, അകലം പാലിക്കുന്നതിൽ ഇവയിലുള്ള നില | | | |
| | | | അനുയോജ്യമായ പദങ്ങളുടെ ഉപയോഗം | | | |
| | | | ഭാവാത്മക വായനയിൽ | | | |
| | | | വ്യവഹാര രൂപങ്ങളുടെ സവിശേഷത പാലിച്ച് എഴുതുന്നതിൽ | | | |
| | | | കവിതകൾക്ക് അനുയോജ്യമായ ഈണം കണ്ടെത്തുന്നതിൽ | | | |
| | | | ഗ്രൂപ്പു പ്രവർത്തനത്തിലെ പങ്കാളിത്തം ഉപയോഗപ്പെടുത്തുന്നതിൽ | | | |
| | | | രചനകളിൽ കരുത്തുറ്റ ഭാഷ ഉപയോഗിക്കുന്ന കാര്യത്തിൽ | | | |
| | | | സ്വയം എഡിറ്റ് ചെയ്ത് മെച്ചപ്പെടുത്തുന്നതിൽ | | | |
| | | | ചർച്ചകളിൽ ക്രിയാത്മകമായി ഇടപെടുന്നതിൽ | | | |
| | | | വായനാസാമഗ്രികൾ വായിക്കുന്നതിൽ | | | |